**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

47 (* 421) ഡി.പി.റ്റി, ഡി.റ്റി. പ്രതിരോധ വാക്സിനുകളുടെ ക്ഷാമം പരിഹരിക്കാൻ നടപടി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, കുഞ്ഞുങ്ങൾക്കുള്ള ഡി.പി.റ്റി., ഡി.റ്റി. പ്രതിരോധ വാക്സിനുകൾക്ക് സർക്കാർ ആശുപത്രികളിൽ ക്ഷാമം നേരിട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാനത്തെ റീജിയണൽ വാക്സിൻ സ്റ്റോറുകളിൽ വാക്സിൻ ദൗർലഭ്യം നേരിട്ടപ്പോൾ-ത്തന്നെ ആരോഗ്യ വകുപ്പു ഡയറക്ടറും സംസ്ഥാന സർക്കാരും പ്രസ്തുത വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും വാക്സിനുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തിന് ആവശ്യമുള്ള പ്രതിരോധ വാക്സിൻ വിതരണം ചെയ്യുന്നത് കേന്ദ്ര സർക്കാർ ആണ്. പ്രതിവർഷം 32 ലക്ഷം ഡി.പി.റ്റി വാക്സിനും 7.5 ലക്ഷം ഡി.റ്റി. വാക്സിനും ആണ് കേരളത്തിന് ആവശ്യമായിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാർ 2007-08 സാമ്പത്തിക വർഷ

ത്തിൽ 11.5 ലക്ഷം ഡോസ് ഡി.പി.റ്റി വാക്സിനും 6 ലക്ഷം ഡോസ് ഡി.റ്റി വാക്സിനും മാത്രമാണ് വിതരണം ചെയ്തത്. മറ്റ് ഏജൻസികളിൽനിന്നും വാക്സിനുകൾ വാങ്ങുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ദേശീയ പ്രതിരോധ പരിപാടിയിലുൾപ്പെടുത്തിയിട്ടുള്ള ഡിഫ്തീരിയ, ഹെപ്പടൈറ്റിസ്, ടെറ്റനസ്, പോളിയോ മൈലറ്റിസ് തുടങ്ങിയ രോഗങ്ങൾക്കെതിരെയാണ് കുട്ടികൾക്ക് പ്രതിരോധ വാക്സിൻ കൊടുത്തുകൊണ്ടിരിക്കുന്നത്. 1985-ലാണ് ഇന്ത്യയിലെ മുഴുവൻ കുട്ടികൾക്കും പ്രതിരോധ വാക്സിൻ എടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം നടപ്പിലാക്കിയത്. പ്രതിരോധ വാക്സിനുകളുടെ ഉല്പാദനച്ചെലവ് സംസ്ഥാനങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ല. ഒരു കുട്ടിക്ക് പ്രതിരോധ വാക്സിൻ കൊടുക്കുന്നതിന് ചുരുങ്ങിയത് 9 രൂപ ചെലവുവരുമെന്നാണ് കണക്കാക്കുന്നത്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള പശ്ചിമബംഗാളിലെ കസോളിയിൽ ഉല്പാദിപ്പിക്കുന്ന പ്രതിരോധ മരുന്നിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഡബ്ല്യു.എച്ച്.ഒ. സംശയം പ്രകടിപ്പിച്ചതിനെത്തുടർന്ന് 2008 ജനുവരി 15-ന് താൽക്കാലികമായി പ്രതിരോധ മരുന്നുകളുടെ വിതരണം കേന്ദ്രഗവൺമെന്റ് നിറുത്തിവച്ചുവെങ്കിലും ഇപ്പോൾ വീണ്ടും ഉല്പാദനം തുടങ്ങിയെന്നും ജൂലൈ അവസാനമാകുമ്പോൾ കേരളത്തിനാവശ്യമായ വാക്സിൻ നൽകാമെന്നും കേന്ദ്ര ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ് സമ്മതിച്ചിട്ടുണ്ട്. ആയൂർവേദ-ഹോമിയോ രോഗപ്രതിരോധ മരുന്നുകൾക്ക് ഗവൺമെന്റ് പ്രോത്സാഹനം നൽകുന്നുണ്ട്. കേരളത്തിൽ ഡിഫ്തീരിയ ബാധിച്ച 7 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വട്ടോളിയിൽ 'റെയ്സ് സിൻഡ്രോം' ബാധിച്ച് മരണമടഞ്ഞ ഒരു കേസും റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ രക്ഷാകർത്താക്കൾക്കുണ്ടായിട്ടുള്ള ഉത്ക്കണ്ഠ കണക്കിലെടുത്ത് പ്രതിരോധ വാക്സിൻ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം ആരോഗ്യവകുപ്പിന്റെയും ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഭാഗത്തുനിന്ന് ബോധവൽക്കരണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ രോഗപ്രതിരോധ വാക്സിന്റെ ഉപയോഗം 78.89 ശതമാനമാണ്. ആന്റി റാബിസ് വാക്സിൻ, ആന്റിവെനം തുടങ്ങിയവ വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും കൈകാര്യം ചെയ്യേണ്ടവയായതുകൊണ്ടും എല്ലാ സി.എച്ച്.സി.കളിലും അത് സൂക്ഷിക്കുന്നതിനുള്ള സൗകര്യമില്ലാത്തതുകൊണ്ടും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ചുള്ള സൗകര്യങ്ങളുള്ള ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി തുടങ്ങിയ മേജർ ആശുപത്രികളിൽ മാത്രമാണ് അവ നൽകുന്നത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായും അല്ലാത്തവർക്ക് ആദ്യത്തെ ഒരു ഡോസ് സൗജന്യമായും ബാക്കിയുള്ളതിന് പേമെന്റ് അടിസ്ഥാനത്തിലുമാണ് ആന്റി റാബിസ് വാക്സിൻ നൽകുന്നത്. ചിക്കൻപോക്സിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പിന്റെ മരുന്ന് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ചുരുങ്ങിയ ചെലവിൽ നൽകുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മഞ്ഞപ്പിത്തത്തിനെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് കഴിഞ്ഞ ആറുമാസത്തോളമായി നടത്താതിരിക്കുന്നതിനെക്കുറിച്ച് പരിശോധിച്ച്

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള ജീവൻ രക്ഷാ ഔഷധങ്ങൾ പേയിംഗ് കൗണ്ടറുകൾ മുഖേന സബ്സിഡി നിരക്കിൽ എങ്ങനെ നൽകാൻ കഴിയുമെന്നതും പരിശോധിക്കുന്നതാണ്. നാലഞ്ചുതവണ പോളിയോ വാക്സിൻ കൊടുത്ത കുട്ടികളിൽ പോളിയോരോഗ ലക്ഷണങ്ങൾ കണ്ടുവെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. കേരളത്തിൽ അടുത്തകാലത്തൊന്നും പോളിയോ ബാധിച്ച ഒരു കേസുപോലും റിപ്പോർട്ട് ചെയ്തിട്ടില്ല. അങ്ങനെ എതെങ്കിലും കേസുള്ളതായി ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിക്കുന്നതാണ്. അന്ധതാനിവാരണത്തിന്റെ ഭാഗമായുള്ള വൈറ്റമിൻ 'എ' മരുന്നിന്റെ ദൗർലഭ്യം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

48 (*422) <u>അനാഥാലയങ്ങൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് അംഗീകാരമുള്ള അനാഥാലയങ്ങൾ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ നടത്തിപ്പിനെക്കുറിച്ച് കാര്യമായ പരാതികൾ ലഭിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് അംഗീകാരമുള്ള അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നത് ഓർഫനേജ് കൺട്രോൾ ബോർഡാണ്. എന്നാൽ എറണാകുളം ജില്ലയിലെ ആലുവയിൽ പ്രവർത്തിക്കുന്ന ജനസേവ ശിശുഭവൻ എന്ന അനാഥാലയത്തെക്കുറിച്ച് ഒരു പരാതി കൊച്ചി കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്ന പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് എന്ന

സംഘടന നൽകിയിട്ടുണ്ട്. എറണാകുളത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി, മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, ഓർഫനേജ് കൺട്രോൾ ബോർഡ് എന്നിവർ മുഖാന്തിരം പരാതിയിന്മേൽ അന്വേഷണം നടത്താൻ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. അനാഥാലയങ്ങൾക്ക് അംഗീകാരം നൽകുന്നതും നിയന്ത്രിക്കുന്നതും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ്സ് & അദർ ചാരിറ്റബിൾ ഹോംസ് കേരളയാണ്. അംഗീകാരം ലഭിക്കുന്നതിനായി സംഘടന നിശ്ചിത ഫാറത്തിൽ (ഫാറം എ) അപേക്ഷ ബോർഡിന് നൽകണം. ബോർഡ് അംഗം സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തിയതിനുശേഷമാണ് അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നത്. അംഗീകാരം ലഭിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കും.

സംഘടനയ്ക്ക് അന്തേവാസികളെ പാർപ്പിക്കാൻ സ്വന്തമായ കെട്ടിടം വേണം;

ഒരു അന്തേവാസിക്ക് കിടക്കാൻ 40 ച. അടി വിസ്തീർണ്ണം എന്ന കണക്കിൽ കുറഞ്ഞത് 25 പേരെ പാർപ്പിക്കാനുള്ള സൗകര്യം കെട്ടിടത്തിൽ ഉണ്ടായിരിക്കണം;

കേർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശത്ത് 5 കിലോ മീറ്ററിനുള്ളിലും പഞ്ചായത്തിൽ 10 കിലോമീറ്ററിനുള്ളിലും സമാനസ്വഭാവമുള്ള അനാഥാലയമുണ്ടെങ്കിൽ മറ്റൊരു സ്ഥാപനത്തിന് അംഗീകാരം നൽകുകയില്ല.

സ്ഥാപന മേധാവികൾ അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, വിസിറ്റേഴ്സ് ബുക്ക്, പരിശോധനാ ബുക്ക്, മിനിറ്റ്സ് ബുക്ക്, ക്യാഷ് ബുക്ക്,

ജീവനക്കാരുടെ വിവരം, ഭക്ഷണസാധനങ്ങളെ സംബന്ധിച്ച രജിസ്റ്റർ, ഡസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് തുടങ്ങിയവ സൂക്ഷിക്കണം. അഗതികളായ കുട്ടികളെ പാർപ്പിക്കുകയാണെങ്കിൽ രക്ഷാകർത്താക്കൾക്ക് വാർഷിക വരുമാനം 11,000 രൂപയിൽ താഴെയായിരിക്കണം. 4 വർഷത്തേയ്ക്കാണ് അംഗീകാരം നൽകുന്നത്. നാല് വർഷത്തിനുശേഷം അംഗീകാരം പുതുക്കണം. അംഗീകാരമുള്ള സ്ഥാപനങ്ങളെക്കുറിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ അന്വേഷണം നടത്തി പരാതി സത്യമാണെന്ന് തെളിഞ്ഞാൽ നൽകിയ അംഗീകാരം റദ്ദാക്കുന്നതാണ്. അങ്ങനെ അംഗീകാരം റദ്ദാക്കുകയാണെങ്കിൽ ആ വിവരം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ ലോക്കൽ ഫണ്ട് ഓഫീസർ എന്നിവരെ അറിയിക്കും. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനമാണെങ്കിൽ ഗ്രാന്റ് നിർത്തലാക്കും. അനധികൃതമായി അനാഥാലയങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സെക്ഷൻ 24, 25 പ്രകാരം ജില്ലാകളക്ടർ നടപടി സ്വീകരിക്കും. അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ഇപ്പോൾ ജില്ലാതല മോണിറ്ററിംഗ് സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അനാഥാലയങ്ങൾ-956, വൃദ്ധ സദനം-302, AIDS ബാധിതരെ സംരക്ഷിക്കൽ-2, വികലാംഗ സദനം, ബഗർ ഹോം, സ്ത്രികളുടെ ഭവനം തുടങ്ങിയവ - 152 എന്നിങ്ങനെ ആകെ 1412 സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി 70,120 അന്തേവാസികളെ പാർപ്പിക്കാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നേരിട്ടുള്ള

നിയന്ത്രണത്തിൽ അനാഥാലയങ്ങൾ ഇല്ല. അനാഥാലയങ്ങളിൽ അഗതികളെയും അനാഥരായ കുട്ടികളെയുമാണ് സംരക്ഷിക്കുന്നത്. 6 വയസ്സിനു മുകളിലുള്ളവരെയാണ് അനാഥാലയങ്ങളിൽ പാർപ്പിക്കുന്നത്. ദത്തെടുക്കൽ പ്രക്രിയ ജുവനൈൽ ജസ്റ്റിസ് ആക്ട്, ജെ.ജെ. റൂൾ, സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് നടക്കുന്നത്. 6 വയസ്സിനു മുകളിലുള്ള അനാഥാലയങ്ങളിലെ കുട്ടികളെ ദത്തെടുക്കലിനു വിധേയമാക്കണമെങ്കിൽ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം സർക്കാരിൽനിന്നും പ്രത്യേക അനുമതി വേണം. കുട്ടികളെ ദത്തെടുക്കലിനു അംഗീകാരമുള്ള സ്ഥാപനത്തിലേക്ക് മാറ്റി അവിടെ നിന്നും മാത്രമേ ദത്തെടുക്കലിന് കഴിയൂ. അനാഥാലയങ്ങളിൽ കഴിയുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 'സനാഥബാല്യം' എന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. അനാഥാലയങ്ങളിലെ കുട്ടികളെ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് 'സനാഥബാല്യം'. ഈ പദ്ധതി പ്രകാരം അനാഥാലയങ്ങളിൽ കഴിയുന്ന ദത്തെടുക്കലിന് നൽകാൻ സാധിക്കുന്ന കുട്ടികളെ ബന്ധപ്പെട്ട ചൈൽഡ് വെൽഫയർ കമ്മിറ്റി മുഖേന ചൈൽഡ് ഫ്രീ ഫോർ അഡോപ്ഷൻ ആക്കുന്നതിനും തുടർന്ന് അനുയോജ്യരായ ദമ്പതികളെ ലഭിക്കുന്ന മുറയ്ക്ക് അംഗീകൃത പ്ലെയിസ്മെന്റ് ഏജൻസി വഴി അഡോപ്ഷന് നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അനാഥാലയങ്ങളുടെ നടത്തിപ്പിലെ അപാകതകൾ പരിശോധിക്കുന്നതിനും അനാഥാലയങ്ങളിൽ പാർപ്പിച്ചിരിക്കുന്ന കുട്ടികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും കുറ്റകൃത്യങ്ങൾക്ക് നേതൃത്വം

നൽകുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി കഴിഞ്ഞ വർഷം മുതൽ എല്ലാ സ്ഥാപനങ്ങളിലും ഒരു വെൽഫെയർ കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഏതെങ്കിലും സ്ഥാപനങ്ങളെക്കുറിച്ച് സംശയമോ പരാതിയോ ഉണ്ടെങ്കിൽ അത് വെൽഫെയർ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലാതല കമ്മിറ്റിയിൽ സ്ഥാപനത്തിലെ പ്രതിനിധികളെക്കൂടാതെ 3 എം.എൽ.എ.മാരേയും രണ്ട് സാമൂഹ്യ പ്രവർത്തകരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ തെരുവിൽ അലയുന്ന അനാഥരായ കുട്ടികളെവിടെയെങ്കിലുമുണ്ടെങ്കിൽ പ്രസ്തുത വിവരം അതാതു പഞ്ചായത്തോ ജനപ്രതിനിധികളോ അറിയിച്ചാൽ അവർക്കാവശ്യമായ സംരക്ഷണം ഗവൺമെന്റ് നൽകുന്നതാണ്. മെരിറ്റിൽ പാസ്സാകുന്ന അനാഥാലയങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിൽ ഡി-ഫാമിന് 4 സീറ്റും ജനറൽ നേഴ്സിംഗിന് 2 സീറ്റും സംവരണം ചെയ്തിട്ടുണ്ട്; അത് വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. ഇത്തരത്തിലുള്ള കുട്ടികൾക്ക് രണ്ടോമൂന്നോ സീറ്റിൽ സംവരണം നൽകുന്നതിന് സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജുമെന്റുകളോട് റിക്വസ്റ്റ് ചെയ്യുന്നതാണ്. അനാഥാലയങ്ങളിൽ കുട്ടികളെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന വാർഡന് നിശ്ചിത യോഗ്യത ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനാഥാലയങ്ങളുടെ ഗ്രാന്റായി ബഡ്ജറ്റിൽ വകയിരുത്തിയ 8 കോടി രൂപ കൃത്യമായി കൊടുത്തിട്ടുണ്ട്. ഒരു കുട്ടിക്കു കൊടുക്കുന്ന 150 രൂപ വളരെ പരിമിതമായതിനാൽ ഈ തുക

വർദ്ധിപ്പിക്കുന്നകാര്യവും ഓർഫൻസ് ഡേ ആയ ആഗസ്റ്റ് 27-നുമുമ്പ് 'അനാഥാലയം' എന്നുള്ള പേരു മാറ്റുന്ന കാര്യവും ആലോചിച്ച് തീരുമാനിക്കുന്നതാണ്. നിയമം കർക്കശമായതിനാൽ ദത്തെടുക്കൽ പ്രക്രിയ സങ്കീർണ്ണമാണ്. ദത്തെടുക്കലുമായി ബന്ധപ്പെട്ട് സാമ്പത്തിക വ്യവഹാരങ്ങൾ ഉൾപ്പെടെയുള്ള കൃത്രിമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ഗൗരവമായി പരിശോധിക്കുന്നതാണ്. ദത്തെടുക്കൽ കേന്ദ്രങ്ങളിൽ വളരുന്ന കുട്ടികൾക്ക് ജാതിയോ മതമോ ഇല്ല. അവരെ ദത്തെടുക്കുന്ന മാതാപിതാക്കളാണ് അത് നിശ്ചയിക്കുന്നത്. കേരളത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യമില്ലാത്തതും വിദേശ സഹായം ലഭിക്കുന്നതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ നിരവധി കേന്ദ്രങ്ങൾ നൂറുകണക്കിന് അനാഥരെ സംരക്ഷിച്ചുവരുന്നുവെന്നും ഇത്തരം സ്ഥാപനങ്ങൾക്കെല്ലാംതന്നെ സർക്കാർ ഗ്രാന്റ് നൽകുന്നില്ലെങ്കിൽപ്പോലും ലൈസൻസ് ആവശ്യമാണെന്നും ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി..

49 (*423) <u>ദിനേശ് ബീഡി വ്യവസായ പുനരുദ്ധാരണവും വൈവിദ്ധ്യവൽക്കരണവും</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, ദിനേശ് ബീഡി വ്യവസായ പുനരുദ്ധാരണത്തിനു വേണ്ടി ദിനേശ് ഫുഡ്സ്, ദിനേശ് അംബ്രല്ല, ദിനേശ് ഇൻഫർമേഷൻ ടെക്നോളജി സിസ്റ്റംസ് എന്നീ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ 2006 വർഷത്തെ ബഡ്ജറ്റിൽ സർക്കാരിൽ നിന്നും ബീഡി വ്യവസായത്തിന്റെ പ്രതിസന്ധിയ്ക്ക് പരിഹാരമായി തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി

ലഭ്യമാക്കുന്നതിനുവേണ്ടി 4 കോടി രൂപ അനുവദിക്കുകയും ദിനേശ് ഗാർമെന്റ്സിന്റെ ഒരു യൂണിറ്റ് കണ്ണൂരിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗാർമെന്റ് യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂരിൽ ദിനേശ് ഗാർമെന്റ്സിന്റെ രണ്ടാമത്തെ യൂണിറ്റും കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗിൽ മൂന്നാമത്തെ യൂണിറ്റും ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗാർമെന്റ് യൂണിറ്റിൽ ആകെ 129 പേർ ജോലി ചെയ്യുന്നു. ഇപ്പോൾ ദിനേശ് ബീഡി തൊഴിലാളികൾക്ക് ആഴ്ചയിൽ 5 ദിവസം ജോലി നൽകി വരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ദിനേശ് ബീഡിയുടെ ഉല്പാദനത്തിലും ഉല്പന്നങ്ങളുടെ വിൽപ്പനയിലും തൊഴിൽ ദിനങ്ങളിലും വളരെ കുറവുണ്ടാവുകയും കുറെ തൊഴിലാളികൾ പിരിഞ്ഞുപോവുകയും ചെയ്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നതെങ്കിൽ ഇപ്പോൾ ഉല്പാദനവും വിൽപ്പനയും വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് ആഴ്ചയിൽ 5 ദിവസം ജോലി നൽകി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നഷ്ടം കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം, വരുമാന വർദ്ധനവ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതാണ്. തൊഴിലാളികളെ പൂർണ്ണമായും മറ്റു മേഖലകളിൽ പുനരധിവസിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല. കമ്പനിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കൈത്തറി മേഖലയിലേയ്ക്ക് കടക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ദിനേശ് ബീഡിയുടെ വൈവിദ്ധ്യവൽക്കരണത്തിനുള്ള 7 കോടി രൂപയുടെ പ്രോജക്ടിൽ ഗവൺമെന്റ് ഗ്രാന്റ് നൽകിയ 4 കോടി രൂപ കഴിച്ച് ബാക്കിയുള്ള തുക കമ്പനിയുടെ ഗ്രാമീണ യൂണിറ്റുകളുടെ ആസ്തിയിൽ

നിന്ന് കണ്ടെത്തേണ്ടതാണ്. വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് കമ്പനി മുന്നോട്ടുവച്ച പുതിയ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് വൈവിദ്ധ്യവൽക്കരണ പദ്ധതികൾ നടപ്പാക്കുമ്പോൾ മുൻഗണന നൽകുന്നതാണ്. പുകയിലയുടെ വിലവർദ്ധനവുമൂലം പരമ്പരാഗത ബീഡി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് പരിഹാര നടപടി കൈക്കൊള്ളുന്നതാണ്. സൂരജ് കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെയും വ്യവസായികളുടെയും സംയുക്തയോഗം വിളിച്ചുചേർക്കുകയും തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്. ദിനേശ് ബീഡിക്ക് കെ.എസ്.ഇ.ബി. നൽകിയിട്ടുള്ള ഡേറ്റാ എൻട്രി വർക്കിനെ സംബന്ധിച്ച് ബോർഡുമായി ബന്ധപ്പെട്ട് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി..

(നക്ഷത്രചിഹ്നമിട്ട 424 മുതൽ 450 വരെയുള്ള 27 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3555 മുതൽ 3792 വരെയുള്ള ചോദ്യങ്ങളിൽ 130 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)